# നോമ്പു കഞ്ഞി 'മെയ്ഡ് ഇൻ അമേരിക്ക'

മുസ്‌ലിം വിരോധത്തിന്റെ പൂർവകാലം മായ്ച്ചുകളയാൻ ഏറ്റവും നല്ല വഴി വട്ടത്തൊപ്പിയിട്ട് വല്ല ഇഫ്താർ പാർട്ടികളിലും ഭാഗഭാക്കായി സമുദായത്തിന്റെ പിന്നാക്കാവസ്ഥയിൽ ആശങ്കപൂണ്ട് നോമ്പുകഞ്ഞിയും കുടിച്ച് പോരുകയാണെന്ന തന്ത്രം ആദ്യം കണ്ടെത്തിയത് ഉത്തരേന്ത്യൻ നേതാക്കൻമാരായിരുന്നു. പിന്നെ, പിന്നെ ഇതു കൊള്ളാമല്ലോ എന്നു കമ്മ്യൂണിസ്റ്റുകൾക്കും തോന്നേണ്ട താമസം മുസ്‌ലിം ചിഹ്നങ്ങളെ അവർ വേണ്ട രീതിയിൽ 'കൈകാര്യം' ചെയ്തു. കേരളത്തിൽ അറബി ഭാഷാപഠനത്തിനെതിരേ കൊയ്ത്തരിവാളേന്തിയവർ തന്നെ അറബിമലയാളത്തിൽ പാർട്ടിസമ്മേളനങ്ങളുടെ ബാനറെഴുതിക്കുകയും പർദ്ദധാരിണികളുടെ എണ്ണത്തിലെ ഗണ്യമായ വർധനകണ്ട് ഇതെന്താ, താലിബാനോ എന്നു ചോദിച്ചവർ പിൽക്കാലത്ത് ഇതേ വേഷമണിഞ്ഞവരെ ശക്തിപ്രകടനങ്ങളിൽ അണി നിരത്തുകയും ചെയ്തതു ചരിത്രം. ഇതിനിടെയാണ് പാർട്ടിയുടെ പ്രാദേശികനേതൃത്വങ്ങളിലൊന്നിന് ഇഫ്താർ സൂത്രം മനസ്സിലുദിച്ചത്. ആൾത്തിരക്കു കാരണം ആദ്യമാദ്യം വന്നവരെ ബാങ്കുവിളിക്കു മുമ്പു തന്നെ ഭക്ഷണം കഴിപ്പിച്ചു വിട്ടുവെന്നതായിരുന്നു സംഭവത്തിന്റെ ക്ലൈമാക്സ്. പാർട്ടി സി.പി.എമ്മായതിനാൽ അതിത്ര വലുതായി കൊട്ടിഘോഷിക്കേണ്ടതില്ലെന്നാണു മുസ്‌ലിംലീഗുകാരോടു പറയാനുള്ളത്.

സി.പി.എമ്മിന്റെ പ്രവർത്തനങ്ങൾ മുഴുവൻ അമേരിക്കൻ ചാരൻമാർ നിരീക്ഷിച്ച് അക്കാര്യങ്ങൾ അപ്പപ്പോൾ വൈറ്റ്ഹൗസിൽ അറിയിക്കുന്നുണ്ടെന്ന് പാർട്ടിനേതാക്കൾ പറയാൻ തുടങ്ങിയിട്ടു കാലം കുറേയായി. ഇറാഖിലെയും അഫ്ഗാനിസ്താനിലെയുമെല്ലാം രക്തക്കറ കഴുകിക്കളയാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെത്തന്നെ മാതൃകയാക്കിയാലോ എന്നു ബറാക് ഹുസയ്ൻ ഒബാമയ്ക്കു തോന്നിയതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ തോന്നലാവാം, കേരളത്തിന്റെ സാംസ്കാരികതലസ്ഥാനത്ത് മെയ്ഡ് ഇൻ അമേരിക്ക നോമ്പുതുറ സംഘടിപ്പിക്കുന്നതിലേക്കു നയിച്ചത്.

പണ്ടു സി.പി.എമ്മിന്റെ ക്ഷണം സ്വീകരിച്ച സമുദായസംഘടനകൾ പക്ഷേ, ഒബാമയെ മൈൻഡ് ചെയ്തില്ല. എത്തിയത് മുജാഹിദുകളിൽ ഒരു വിഭാഗം മാത്രം. ജിഹാദിസംഘടനയാണിതെന്നു ധരിച്ചാവണം അമേരിക്കൻ ചാനലുകൾ പരിപാടിക്ക് വൻ കവറേജും കൊടുത്തു. യു.എസ്. നയങ്ങളോട് എതിർപ്പുണ്ടെങ്കിൽ അത് അവരുടെ വേദിയിൽ വച്ച് പറയണമെന്നും അതിനുവേണ്ടിയാണ് നോമ്പുതുറക്കാൻ പോയതെന്നും പോയവരുടെ വിശദീകരണം. അമേരിക്കൻ നിർമിത പേനയോ ബ്ലേഡോ മാത്രം ബഹിഷ്കരിച്ച് അവിടം സന്ദർശിക്കുകയും ചികിൽസ തേടുകയും ചെയ്യുന്നതു കാപട്യമല്ലേ എന്നാണ് അവരുടെ ചോദ്യം. മാത്രവുമല്ല, അവർ അമേരിക്കയെ എതിർത്തു പ്രസംഗിച്ചത് ഉദ്യോഗസ്ഥർ എഴുതിയെടുത്തു കൊണ്ടുപോയതായും പറയപ്പെടുന്നു. ഇതു വായിക്കേണ്ട താമസം, ഒബാമ മുസ്‌ലിംകളോട് മാപ്പുചോദിച്ച് യുദ്ധം മതിയാക്കിപ്പോരാൻ പട്ടാളക്കാർക്കു നിർദേശം നൽകുമെന്നും അതുവഴി സമാധാനപൂരിതമായ ദിനം പുലരുമെന്നും പ്രത്യാശിക്കാം. അങ്ങനെ സംഭവിക്കുന്ന പക്ഷം അടുത്തവർഷത്തെ നോമ്പുതുറ മലപ്പുറത്തു വച്ചു തന്നെ നടത്താവുന്നതാണ്.